# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5982 | 19.11.2019-ൽ മറുപടിക്ക്

## വൈദ്യുതി പോസ്റ്റുകളിലെ പരസ്യ ബോർഡുകൾ

| ചോദ്യം<br>ശ്രീ പാറക്കൽ അബ്ദുല്ല | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ) വൈദ്യുതി പോസ്റ്റുകളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കാൻ കരാർ നൽകാനും അങ്ങനെ പണം സമ്പാദിക്കുവാനും വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) 07.03.2019-ാം തീയ്യതിയിലെ ബോർഡ് ഉത്തരവ് നമ്പർ B.O.(FTD)No.217/ 2019 (D(D&IT)/ D5/ Hoardings on Poles/2018-19/0001) പ്രകാരം, പ്രാരംഭ ഘട്ടത്തിൽ, എറണാകുളം ഇലക്ട്രിക്കൽ സർക്കിൾ പരിധിയിൽ ദർഘാസുകൾ ക്ഷണിച്ചു കൊണ്ട് . 'PIILOT' അടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ പോസ്റ്റുകളിൽ, KSEBL നിശ്ചയിച്ച 'specification' അനുസരിച്ച്, രണ്ടു വർഷത്തേയ്ക്ക് പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ, ഇങ്ങനെ പുതിയൊരു സംരംഭം നടപ്പാക്കുമ്പോൾ പൊതു ജനങ്ങൾക്കും ഫീൽഡിലും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെപ്പറ്റി പഠനം നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. അതിന്റെ പ്രാരംഭ ഘട്ട പ്രവർത്തനങ്ങൾ നടന്നു വരികയാണ്. |
| (ബി) പോസ്റ്റുകളുടെ മധ്യഭാഗത്ത് ബോർഡുകൾ സ്ഥാപിക്കുന്നത് തൊഴിലാളികളുടെ സുരക്ഷയെ ബാധിക്കുമെന്ന ജീവനക്കാരുടെ ആശങ്ക ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>(സി) ഉണ്ടെങ്കിൽ തൊഴിലാളികൾ ഏണി ഉപയോഗിച്ച് പോസ്റ്റിൽ കയറണമെന്ന് ബോർഡ് നിർദ്ദേശിക്കുമോ;<br><br>(ഡി) പ്രസ്തുത തീരുമാനവുമായി ബോർഡ് മുന്നോട്ട് പോകുകയാണെങ്കിൽ തൊഴിലാളികളുടെ ജീവൻ രക്ഷിക്കാൻ കോടതിയെ സമീപിക്കണമെന്ന കെ. എസ്. ഇ. ബി. സംഘടനാ നേതാക്കളുടെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) (സി) & (ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട്, തൊഴിലാളികളുടെ സുരക്ഷയെക്കുറിച്ചുള്ള ആശങ്ക അറിയിച്ചു കൊണ്ട്, ഒരു തൊഴിലാളി സംഘടനയുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിലാളികളുടെ സുരക്ഷ പൂർണ്ണമായും ഉറപ്പ് വരുത്തി കൊണ്ട്, PSC (Pre stressed concrete) പോസ്റ്റുകളിൽ, 4 അടി നീളത്തിൽ പെയിന്റ് ചെയ്ത പരസ്യങ്ങൾക്ക് പുറമെ പരമാവധി 2x4 അടി വിസ്തൃതിയിലുള്ള പരസ്യ ബോർഡുകൾക്ക് മാത്രമാണ് അനുമതി നൽകാൻ തീരുമാനിച്ചിട്ടുള്ളത്. ടി പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിൽ മാത്രമാണ്. ആയതു നടപ്പാക്കുന്ന അവസരത്തിൽ ഇതുമായി ബന്ധപ്പെട്ട തൊഴിലാളികൾക്കുള്ള സുരക്ഷാ പ്രശ്നങ്ങളും പരിശോധിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ